കയർ മിനിമംവേജസ്.

*16. [17] ശ്രീ. യു. നീലകണ്ഠൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ). കയർ മിനിമംവേജസ് നടപ്പിൽ വരുത്താൻ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാം;

(ബി) സംസ്ഥാനത്ത് എതെങ്കിലും ഭാഗത്ത് ഇത് നടപ്പിൽ വന്നിട്ടുണ്ടോ;

(സി) എല്ലാ ഭാഗത്തും നടപ്പിൽ വരാത്തതിനുള്ള കാരണമെന്ത്;

(ഡി) മിനിമം വേജസ് കൊടുക്കുന്നതായി ലേബർ ആഫീസർ ആവശ്യപ്പെട്ടതിന്റെ പേരിൽ ഉൽപ്പാദകർക്കെതിരെ നടത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അവരുടെ പേരിൽ എന്തു നടപടി നടത്തി?

തൊഴിൽമന്ത്രി (ശ്രീ. എ. ജെ. ജോ) :

(എ) മിനിമംവേജസ് ഇൻസ്പെക്ടർമാരായ അസിസ്റ്റൻറ് ലേബർ കമ്മീഷണർമാർക്കും കൺസിലിയേഷൻ ആഫീസർമാർക്കും മിനിമം വേജസ് ഊർജ്ജിതമായി നടപ്പിലാക്കുവാൻ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ക്ലാത്തെ ഗവണ്മെൻറിൽനിന്നും ക്ലിപ്തപ്പെടുത്തിയിട്ടുള്ള മിനിമം വേജസ് റേറ്റിൽ കുറവായ കൂലികൊടുക്കുന്ന മുതലാളിമാരുടെ പേരിൽ തൊഴിലാളികളും മിനിമംവേജസ് ഇൻസ്പെക്ടർമാരും കൊടുക്കുന്ന കേസുകൾ തീർത്തുമാനിക്കുന്നതിനു സംസ്ഥാനത്തെ എല്ലാ ഒന്നാം ക്ലാസ്സ് മജിസ്ട്രേട്ടന്മാരെയും ക്ലെയിംസ് അതാറിറ്റികളായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് എല്ലാ ഭാഗത്തും നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

(ഡി) മിനിമംവേജസ് കൊടുക്കണമെന്നു ലേബർ ആഫീസർമാർ ആവശ്യപ്പെട്ടതിന്റെ പേരിൽ ഉൽപ്പാദകർക്കെതിരെ നടത്തിയതായി അറിവില്ല.

(ഇ) ഈ ചോദ്യം ഉദിക്കുന്നില്ല.

തലസ്ഥാനമാറ്റം.

*17. [18] ശ്രീ. പി കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

( ) തലസ്ഥാനം തിരുവനന്തപുരത്തുനിന്നും മാറ്റാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അപ്രകാരം മാറ്റുകയാണെങ്കിൽ വരുന്ന കൂടുതൽചെലവിനെപ്പറ്റി ചുരുക്കി ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതെത്ര ചെലവാകുമെന്ന് കണക്കാക്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതു സംബന്ധിച്ച് തിരുവനന്തപുരത്തുള്ള ആഫീസുകെട്ടിട നിർമ്മാണ പദ്ധതി തൽക്കാലം മാറ്റിവച്ചിട്ടുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ) :

(എ) ഇല്ല.

(ബി) (സി) ചോദ്യം ഉദിക്കുന്നില്ല.

മോട്ടോർ അപകടം.

* 18. [19] ശ്രീ. പി. എം. മാർക്കോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടിനല്കുമോ:

(എ) 2-5-1954-ലെ കെ. കെ. റോഡ് 12-ാംമൈലിനു സമീപത്തുണ്ടായ മോട്ടോർ അപകടത്തിൽപ്പെട്ട് മരണമടയുകയും പരുക്കേൽക്കുകയും ചെയ്തിട്ടുള്ളവർ ആരെല്ലാം;

(ബി) മരിച്ചവരുടെ അവകാശികൾക്കും, പരുക്കുകളോടെ ജോലിചെയ്യാൻ പാടില്ലാതായിത്തീർന്നവർക്കും ആശ്വാസപ്രദമായി എന്തെങ്കിലും ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതെല്ലാം എന്തു സഹായങ്ങൾ ചെയ്തുവെന്നു പറയാമോ;

(ഡി) മോട്ടോർ അപകടങ്ങൾ ലഘൂകരിക്കുന്നതിന് ഓവർസ്പീഡും ഓവർലോഡും നിയന്ത്രിച്ചും കൂടുതൽ ബസ്സുകൾക്ക് പെർമിറ്റും സർവ്വീസും നൽകി പൊതുജനങ്ങളെ രക്ഷിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുവാൻ ഗവണ്മെൻറിനുദ്ദേശ്യമുണ്ടോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. പി. വേലായുധൻ) :

(എ) ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്. †

(ബി) ഉണ്ട്.

(സി) ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്. †

(ഡി) ആവശ്യമായ നടപടികളും സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. സി. എ. മാത്യു : മോട്ടോർ അപകടം സംഭവിക്കുന്നവർക്കു കൊടുക്കുന്നതിനായി തേർഡ് പാർട്ടി ഇൻഷ്വറൻസ് വ്യവസ്ഥയുണ്ടോ?

ശ്രീ. കെ. പി. വേലായുധൻ : ഉണ്ട്.

ശ്രീ. സി എ. മാത്യു : ആ വ്യവസ്ഥയനുസരിച്ച് ആർക്കെങ്കിലും എന്തെങ്കിലും നൽകിയിട്ടുണ്ടോ?

ശ്രീ. കെ. പി. വേലായുധൻ : ഉണ്ട്. അതാണ് ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ടെന്നു പറഞ്ഞതു്. സംഖ്യയും അതിൽ പറഞ്ഞിട്ടുണ്ട്.

† Please see Appendix II and III.

LIBRARY ARCHIVES Kerala Legislative Assembly